ഉത്തരം

(എ&ബി) ഉണ്ട്. സർക്കാർ ഐ.റ്റി.ഐ. സ്ഥാപിക്കുന്നതിന് കായംകുളം വില്ലേജിൽനിന്നും 46.36 ആർ സ്ഥലം സ്ഥലമേറ്റെടുക്കൽ നടപടിക്രമം പ്രകാരം ഏറ്റെടുക്കുന്നതിന് 16-9-2014-ലെ സ.ഉ. (സാധാ) നമ്പർ 4427/14/റവന്യൂ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ ചെലവുകൾക്കായി 25 ലക്ഷം രൂപ ജില്ലാ കളക്ടറുടെ വർക്ക് ഡിപ്പോസിറ്റ് അക്കൗണ്ടിലേക്ക് 2014 മാർച്ച് മാസത്തിൽ ഒടുക്കിയിട്ടുണ്ട്. കൂടാതെ, 50 ലക്ഷം രൂപ 2014-15 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയാക്കുന്നതിന് ആലപ്പുഴ സ്പെഷ്യൽ തഹസീൽദാർ (എൽ.എ.)-യെ ജില്ലാ കളക്ടർ നിയമിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷൻ ഓഫീസർ ആവശ്യപ്പെടുന്ന മുറയ്ക്ക് ബാക്കി തുക ഒടുക്കുന്നതിന് നഗരസഭ പ്രാപ്തമാണ്.

(സി) സ്ഥലമേറ്റെടുക്കൽ നടത്തുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും കായംകുളം നഗരസഭ ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയാക്കി സ്ഥലം നഗരസഭയ്ക്ക് കൈമാറുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലം സർക്കാർ ഐ.ടി.ഐ. നിർമ്മാണത്തിനുവേണ്ടി ലഭ്യമാക്കുന്നതാണ്.

കടിവെള്ളം മാലിന്യവിമുക്തമാക്കാൻ നടപടി

143 (1579) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വീടുകളോടനുബന്ധിച്ചുള്ള കിണറുകൾ മിക്കവയും കക്കൂസുകളിൽനിന്നുള്ള മാലിന്യങ്ങൾമൂലം മലിനപ്പെടുന്നതായി പല പഠനങ്ങളും കാണിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കാനായി എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദവിവരം ലഭ്യമാക്കുമോ ;

(സി) പത്ര മാധ്യമങ്ങളിൽ പരസ്യം ചെയ്ത് നഗരപ്രദേശങ്ങളിൽ സെപ്റ്റിക് ടാങ്കുകളിൽ നിന്നുള്ള മാലിന്യം ടാങ്കർ ലോറികളിൽ ശേഖരിച്ച് ചില അനധികൃത ഏജൻസികൾ ജലാശയങ്ങളിലും മറ്റും തള്ളുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) എങ്കിൽ ഈ നിയമവിരുദ്ധ പ്രവർത്തനം തടയുന്നതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതികൾ ലഭിക്കുന്ന അവസരങ്ങളിൽ ആയത് അന്വേഷിച്ച് ഉടർനടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുകയും പരാതികൾ പരിഹരിക്കുകയും ചെയ്തു വരുന്നു.

(സി&ഡി) ഉണ്ട്. ഇത്തരത്തിലുള്ള അനധികൃത ടാങ്കറുകൾക്ക് സെപ്റ്റേജ് നൽകാതിരിക്കുന്നതിനായും ഈ വിഷയത്തിൽ പൊതുജന ശ്രദ്ധ ക്ഷണിക്കുന്നതിനായും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മാധ്യമങ്ങളിൽ സംസ്ഥാന വ്യാപകമായി പത്രപരസ്യം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അനധികൃത ടാങ്കർ ലോറികൾ ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 340 (എ) (ബി) വകുപ്പുകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി നടപടി സ്വീകരിക്കാവുന്നതാണ്.

പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവച്ച നടപടി

144 (1580) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽനിന്നും വിരമിച്ച ഡോ. കെ. സുമയുടെ പെൻഷൻ ആനുകൂല്യങ്ങൾ നഗരസഭ നടപ്പിലാക്കിയ നേത്രചികിത്സാ ക്യാമ്പിന്റെ പേരിൽ 3 വർഷമായി തടഞ്ഞുവച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) നേത്രചികിത്സാ ക്യാമ്പിന് ചെലവാക്കിയ പ്ലാൻ ഫണ്ടിന് പകരം തനത് ഫണ്ട് സർക്കാരിലേക്കടയ്ക്കാൻ മുനിസിപ്പാലിറ്റി തീരുമാനിക്കുകയും അനുമതിയ്ക്കായി അപേക്ഷിക്കുകയും ചെയ്തിട്ടുണ്ടോ ;

(സി) ഇതുസംബന്ധിച്ച അനുമതി മുനിസിപ്പാലിറ്റിക്ക് നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച ഉത്തരവ് നടപ്പിലാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റേയും മുനിസിപ്പൽ തീരുമാനങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly